# I. രജിസ്ട്രേഷൻ

## Information

14 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും ടിയാന്റെ വാസസ്ഥലം ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായും രജിസ്റ്റർ ചെയ്യാവുന്നതാണ്.

## Procedure

വയസ്സ്, ജാതി, വിദ്യാഭ്യാസ യോഗ്യത, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. 2017 മെയ് 5 മുതൽ www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായും എംപ്ലോയ്മെന്റിൽ രജിസ്ട്രേഷനായി അപേക്ഷിക്കാവുന്നതാണ്.

## Instruction

ഓൺലൈനായി അപേക്ഷ സമർപ്പിച്ചാൽ തൊണ്ണൂർ ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്ത് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ 90 ദിവസത്തിനകം ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷിച്ച തീയതി മുതലുള്ള സീനിയോറിറ്റി ലഭിക്കുന്നതാണ്.

രാജ്യത്തെ മറ്റേതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത രജിസ്ട്രേഷൻ ലാപ്സ് ആകുകയും ചെയ്തിട്ടാണെങ്കിൽ ആ എക്സ്ചേഞ്ചിൽ നിന്നും

ലാപ്സ് അറിയിപ്പ്/ക്യാൻസലേഷൻ സർട്ടിഫിക്കറ്റ് പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കണം.

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ എംപ്ലോയ്മെന്റ് ഓഫീസറുടെ/ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസറുടെ ഒപ്പോടു കൂടിയ ഐഡന്റിറ്റി കാർഡ് ലഭിക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട ഏതാവശ്യത്തിന് ഹാജരാകുമ്പോഴും ഐഡന്റിറ്റി കാർഡ് ഹാജരാക്കേണ്ടതാണ്.

**<u>അധിക യോഗ്യത കൂട്ടി ചേർക്കൽ</u>**

**<u>Information</u>**

എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് അധിക യോഗ്യത ലഭിക്കുന്ന മുറയ്ക്ക് കാലാകാലങ്ങളിൽ രജിസ്ട്രേഷനോടൊപ്പം കൂട്ടിചേർക്കാവുന്നതാണ്.

**procedure**

ഓൺലൈനായും/ഓഫീസിൽ ഹാജരായും അധിക യോഗ്യത ചേർക്കാവുന്നതാണ്. ഓൺലൈനായി അധികയോഗ്യത കൂട്ടിചേർക്കുന്നതിനായി അപേക്ഷിക്കുന്നവർക്ക് അപേക്ഷ തീയതി മുതലുള്ള സീനിയോറിററി ലഭിക്കുന്നതാണ്.

**instruction**

ഓൺലൈനായി അധികയോഗ്യത കൂട്ടിചേർക്കുന്ന ഉദ്യോഗാർത്ഥികൾ തൊണ്ണൂറ് ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്യേണ്ടതാണ് . ഇപ്രകാരം വേരിഫിക്കേഷൻ പൂർത്തിയാക്കുന്നവർക്ക് ഓൺലൈനിൽ സർട്ടിഫിക്കറ്റ് കൂട്ടിച്ചേർത്ത തിയതി മുതലുള്ള സീനിയോറിറ്റി ലഭിക്കുന്നു.

**<u>തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ചേർക്കൽ</u>**

**<u>information &procedure</u>**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന/സ്വമേധയാ ജോലി കണ്ടെത്തി, താൽക്കാലിക നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതി മുതൽ 90 ദിവസത്തിനകം, നിശ്ചിത മാതൃകയിലുള്ള വിടുതൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കേണ്ടതാണ്.

**<u>Help</u>**

17/01/2007 ലെ ജി.ഒ(ആർ.റ്റി) നം. 167/07/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം പ്രസവം, ഗുരുതരമായ അപകടം, രോഗം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ വാസസ്ഥലം /എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടുന്ന പ്രദേശം എന്നിവിടങ്ങളിൽ ഉണ്ടാകുന്ന പ്രകൃതി ക്ഷോഭം, വെള്ളപ്പൊക്കം, ഭൂമി കുലുക്കം, തീപെടുത്തം, നിശാനിയമ പ്രഖ്യാപനം തുടങ്ങിയ കാരണങ്ങളാൽ നിശ്ചിത കാലാവധി പൂർത്തിയാക്കുവാൻ കഴിയാതെ പിരിഞ്ഞു പോകുന്നവരും, മുകളിൽ പരാമർശിച്ചിരിക്കുന്ന കാരണങ്ങളാൽ വിടുതൽ തീയതി മുതൽ 90 ദിവസത്തിനകം വിടുതൽ സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കുവാൻ കഴിയാതെ വരുന്നവർക്കും അസുഖം മാറി അഥവാ സംഭവം നടന്ന് ഒരു വർഷത്തിനകം ചികിത്സിച്ച ഡോക്ടറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്/ബന്ധപ്പെട്ട തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം അതാതു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്ൽ അപേക്ഷ നൽകിയാൽ മുൻ സീനിയോറിറ്റി നിലനിർത്തി വിടുതൽ സർട്ടിഫിക്കറ്റ് ചേർത്ത് ലഭിക്കും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലിക നിയമനം ലഭിച്ചവരിൽ നിയമന കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് ഉന്നത വിദ്യാഭ്യാസത്തിനായി സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, അഫിലിയേറ്റഡ് സ്ഥാപനങ്ങൾ/കോളേജുകൾ എന്നിവിടങ്ങളിൽ റഗുലർ കോഴ്സിന്/വിദൂര വിദ്യാഭ്യാസ കോഴ്സ്/ഓൺലൈൻ കോഴ്സിന് പ്രവേശനം ലഭിക്കുന്നവർ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചാൽ അവരുടെ സീനിയോറിറ്റി നഷ്ടപ്പെടാതെ വിടുതൽ സർട്ടിഫിക്കറ്റ് ചേർത്ത് നൽകുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർ അനുമതി നൽകുന്നതാണ്.

**Instruction**

സർട്ടിഫിക്കറ്റ് യഥാസമയം (ജോലിയിൽ നിന്നും വിടുതൽ ചെയ്തു 90 ദിവസത്തിനകം ) ഹാജരാക്കാത്തവരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നതാണ്.

**രജിസ്ട്രേഷൻ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് മാറ്റുന്നത്**

**Information**

താമസസ്ഥലം മാറുന്നതനുസരിച്ച് പുതിയ സ്ഥലത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് സീനിയോറിറ്റിയോടു കൂടി രജിസ്ട്രേഷൻ മാറ്റാവുന്നതാണ്.

procedure

രജിസ്ട്രേഷൻ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് മാറ്റുന്നതിന് പുതിയ മേൽവിലാസം തെളിയിക്കുന്ന രേഖയും, രജിസ്ട്രേഷൻ ഐ.ഡി കാർഡുമായി പുതിയ താസമസ്ഥലത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അപേക്ഷ നൽകാവുന്നതാണ്.

**രജിസ്ട്രേഷൻ പുതുക്കൽ**

**Information**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണ്.

procedure

രജിസ്ട്രേഷൻ പുതുക്കേണ്ട മാസത്തിലോ തൊട്ടടുത്ത രണ്ട മാസത്തിലോ പ്രവർത്തി ദിവസങ്ങളിൽ നേരിട്ടോ ദൂതൻ മുഖേനയോ ഓൺ ലൈനായോ പുതുക്കാവുന്നതാണ്. പട്ടികജാതി/വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പുതുക്കേണ്ട മാസം മുതൽ ഒരു വർഷത്തിനകം രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്. ഗുരുതരമായ അപകടം, പ്രസവം, രോഗം, കരുതൽ തടങ്കൽ നിയമമനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ വാസസ്ഥലം /എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടുന്ന പ്രദേശം എന്നിവിടങ്ങളിൽ ഉണ്ടാകുന്ന പ്രകൃതി ക്ഷോഭം, വെള്ളപൊക്കം, ഭൂമികുലുക്കം, തീപിടുത്തം, നിശാനിയമ പ്രഖ്യാപനം തുടങ്ങിയ കാരണങ്ങളാൽ നിശ്ചിത കാലയളവിനുള്ളിൽ പുതുക്കുവാൻ കഴിയാത്തവർക്ക് അസുഖം മാറി അഥവാ സംഭവം നടന്ന് ഒരു വർഷത്തിനകം ചികിത്സിച്ച ഡോക്ടറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്/ബന്ധപ്പെട്ട തഹസീൽദാരിൽ നിന്നുള്ള സട്ടിഫിക്കറ്റ് സഹിതം ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അപേക്ഷ സമർപ്പിച്ചാൽ രജിസ്ട്രേഷൻ പുതുക്കി ലഭിയ്ക്കുന്നതാണ്.

instruction

യഥാസമയം പുതുക്കാത്ത ഉദ്യോഗാർത്ഥികൾക്കും , പ്രത്യേക ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്നവർക്കും തൊഴിൽ രഹിതവേതനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

Report in English